# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3433 | 20.06.2018 ൽ മറുപടിക്ക്

## വാട്സ് ആപ്പ് ഗ്രൂപ്പുകളിലെ അഡ്മിൻമാരുടെ ചുമതലകളും നിയമപരമായ ബാധ്യതകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സമൂഹമാധ്യമങ്ങളിലെ പെരുമാറ്റ രീതികളെയും ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെയും ഉൾപ്പെടുത്തി ബോധവല്ക്കരണം നടത്തുമോ; വിശദമാക്കുമോ; | (എ) ബോധവല്ക്കരണ നടപടികൾ നടത്തി വരുന്നുണ്ട്. റെസിഡന്റ്സ് അസോസിയേഷൻ മുഖാന്തിരവും, നവമാധ്യമങ്ങൾ വഴിയും, പത്രവാർത്തകളിലൂടെയും സാമൂഹ്യ-സാംസ്കാരിക സംഘടനകൾ വഴിയും, പൊതുജനങ്ങളിലും, വിദ്യാർത്ഥികളിലും ബോധവല്ക്കരണം നടത്തി വരുന്നു. |
| (ബി) വാട്സ് ആപ്പ് ഗ്രൂപ്പുകളിലെ അഡ്മിൻമാരുടെ ചുമതലകളും നിയമപരമായ ബാധ്യതകളും വ്യക്തമാക്കുമോ; ഈ തരത്തിൽ ഒരു പ്രചരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ പ്രചരിക്കുന്ന സന്ദേശങ്ങളുടെ ഉത്തരവാദിത്വം സന്ദേശം അയയ്ക്കുന്ന ആളിനും അതിനുപുറം ആ ഗ്രൂപ്പിന്റെ അഡ്മിൻമാർക്കുമാണ്. ഇത്തരം ഗ്രൂപ്പുകളിലൂടെയോ, വാട്സ് ആപ്പ് സന്ദേശങ്ങളിലൂടെയോ പ്രചരിക്കുന്ന സന്ദേശങ്ങളുടെ പരണിതഫലമായി സംഭവിക്കുന്ന കുറ്റകൃത്യങ്ങളിന്മേൽ ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ചും, നിലവിലുള്ള ഇൻഫർമേഷൻ ടെക്നോളജി ആക്ട് അനുസരിച്ചുമുള്ള നടപടികൾ സന്ദേശം അയയ്ക്കുന്ന ആളിനും, ഗ്രൂപ്പുകൾ വഴിയാണ് പ്രചരിക്കുന്നതെങ്കിൽ ഗ്രൂപ്പ് അഡ്മിനും എതിരായി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സമൂഹമാധ്യമങ്ങളിൽ പോലീസുദ്യോഗസ്ഥരും മറ്റും അവരുടെ പ്രൊഫൈലുകളിൽ ഔദ്യോഗിക വേഷത്തിലുള്ള ഫോട്ടോകൾ, ഔദ്യോഗിക മൊബൈൽ നമ്പർ, ഔദ്യോഗിക ഇ-മെയിൽ ഐ.ഡി എന്നിവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇത്തരം പ്രവർത്തനം ഉണ്ടോ എന്നത് നിരീക്ഷിച്ചുവരുന്നുണ്ട്. ഇത് സംബന്ധിച്ച പരാതികളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | സമൂഹമാധ്യമങ്ങളിൽ ഇടപെടുമ്പോൾ പോലീസുദ്യോഗസ്ഥർ പാലിക്കേണ്ട നിയന്ത്രണങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ഇത് സംബന്ധിച്ച് പോലീസ് ആസ്ഥാനത്ത് നിന്നും 31/12/2015 തീയതിയിൽ 45/2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | സമൂഹമാധ്യമങ്ങളിൽ വർഗ്ഗീയ വിദ്വേഷമോ പരിഭ്രാന്തിയോ പരത്തുന്ന രീതിയിലുള്ള സന്ദേശങ്ങൾ ഇടുന്നവർക്കും അത് പ്രചരിപ്പിക്കുന്നവർക്കും എന്തൊക്കെ ശിക്ഷയാണ് നല്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | സമൂഹമാധ്യമങ്ങളിലൂടെ വർഗ്ഗീയ പ്രചരണം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ചും, നിലവിലുള്ള ഇൻഫർമേഷൻ ടെക്നോളജി ആക്ട് അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | സമൂഹമാധ്യമങ്ങൾ വഴി വിവിധ രോഗങ്ങളെ സംബന്ധിച്ചും ചികിത്സ സംബന്ധിച്ചും തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമൂഹമാധ്യമങ്ങൾ മുഖേന ശരിയായ രോഗ വിവരങ്ങളും മുൻ കരുതലുകളും ചികിത്സ വിവരങ്ങളും പങ്ക് വയ്ക്കുന്നതിന് ബന്ധപ്പെട്ട അധികൃതരെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകരുതൽ എടുക്കേണ്ട എല്ലാ രോഗങ്ങളെ സംബന്ധിച്ചും മാധ്യമങ്ങൾ വഴിയും, സർക്കാർ സംവിധാനത്തിലൂടെയും ശരിയായ വിവരം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ